# ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നടപടിക്രമങ്ങൾ

## ഹാജർ:ഡോ.നവ്ജോത് ഖോസ ഐഎഎസ്

**സി.എഫ്.എസ്** - ഫലവർഗങ്ങളുടെയും, പച്ചക്കറികളുടെയും സ്റ്റാറ്റ്യൂട്ടറി സാമ്പിൾ ശേഖരണവും പരിശോധനയും - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

**സൂചന** : - വെള്ളായണി കാർഷിക കോളേജിൽ നിന്ന് ലഭിച്ച പരിശോധന ഫലങ്ങൾ

**<u>ഉത്തരവ് നം.ബി1/2346/17/സി.എഫ്.എസ് തീയതി 18.05.2017</u>**

പച്ചക്കറികളിലും, ഫലവർഗങ്ങളിലും കീടനാശിനികളുടെ അമിതമായ സാന്നിധ്യം കാണപ്പെടുന്നു എന്ന പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ചെക്ക് പോസ്റ്റുകളിൽ നിന്നും 56 സർവയലൻസ് സാമ്പിളുകൾ ശേഖരിച്ച് വെള്ളായണി കാർഷികകോളേജിലെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിൽ പരിശോധനകൾ നടത്തിയപ്പോൾ 10 സാമ്പിളുകളിൽ കീടനാശിനികളുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്.

താഴെ കൊടുത്തിരിക്കുന്ന പച്ചക്കറികളുടെയും, ഫലവർഗങ്ങളുടെയും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, എന്നീ ജില്ലകളിൽ നിന്നുള്ള സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ഗവൺമെന്റ് അനലിസ്റ്റ് ലാബ്, തിരുവനന്തപുരത്തും കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിൽ നിന്നും ശേഖരിക്കുന്നവ റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി, എറണാകുളത്തും അയച്ച് പരിശോധിപ്പിക്കേണ്ടതാണ്. 22.05.2017 മുതൽ 30.05.2017 വരെ പരിശോധനയ്ക്കായി സാമ്പിളുകൾ ശേഖരിക്കേണ്ടതും ലാബ് പരിശോധന 15.06.2017 നകം പൂർത്തീകരിച്ച് റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടതുമാണ്.

കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, കോട്ടയം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിൽ നിന്ന് പരിശോധനയ്ക്ക് എടുക്കുന്ന സാമ്പിളുകൾ അതാതു ദിവസമോ തൊട്ടടുത്ത ദിവസമോ തന്നെ നേരിട്ട് ലാബുകളിൽ എത്തിക്കേണ്ടതാണ്. ഇതിനായി അതാതു ജില്ലകളിലെ വാഹനങ്ങൾ ഉപയോഗിക്കാവുന്നതാണ്. തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ നിന്നും ശേഖരിക്കുന്ന സാമ്പിളുകൾ അന്ന് തന്നെ ലാബുകളിൽ എത്തിക്കേണ്ടതാണ്. ടി ജില്ലകളിലെ ഡെസിഗ്നേറ്റഡ് ഓഫീസർമാർ സാമ്പിളുകൾ ശേഖരിക്കുന്നത് സംബന്ധിച്ചും, സാമ്പിളുകൾ എത്തിക്കുന്നത് സംബന്ധിച്ചും അതാതു ലാബുകളിൽ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

ഗവൺമെന്റ് അനലിസ്റ്റ് ലാബ്, തിരുവനന്തപുരം, റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി എറണാകുളം എന്നീ ലാബുകളിലെ ഗവൺമെന്റ് അനലിസ്റ്റ്മാർ സാമ്പിളുകൾ സമയബന്ധിതമായി പരിശോധിച്ച് പരിശോധനാഫലം തയ്യാറാക്കേണ്ടതാണ്. പരിശോധനഫലത്തിന്റെ ഒരു കോപ്പി കമ്മീഷണറേറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

| Sl.No. | Sample |
|---|---|
| 1 | Banana (Raw) |
| 2 | Sambar Mulaku |
| 3 | Brinjal |
| 4 | Curry Leaves |
| 5 | Coriander leaves |
| 6 | Tomato |
| 7 | Mango |
| 8 | Potato |
| 9 | Curry leaves |
| 10 | Green Chilli |

ഒപ്പ്/-

**ഭക്ഷ്യസുരക്ഷാ കമ്മീഷണർ**

സ്വീകർത്താവ്

1. അസിസ്റ്റന്റ് ഭക്ഷ്യസുരക്ഷാ കമ്മീഷണർ തിരുവനന്തപുരം/ കൊല്ലം, ആലപ്പുഴ/ പത്തനംതിട്ട/ ഇടുക്കി/ കോട്ടയം/ എറണാകുളം/ തൃശ്ശൂർ/ പാലക്കാട്
2. ചീഫ് ഗവൺമെന്റ് അനലിസ്റ്റ്, ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി, തിരുവനന്തപുരം
3. ഗവൺമെന്റ് അനലിസ്റ്റ്, റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി എറണാകുളം

പകർപ്പ് : -

1. ജോയിന്റ് ഭക്ഷ്യസുരക്ഷാ കമ്മീഷണർ (അഡ്മിനിസ്ട്രേഷൻ & ലീഗൽ)
2. ജോയിന്റ് ഭക്ഷ്യസുരക്ഷാ കമ്മീഷണർ (എൻഫോഴ്സ്മെന്റ്)
3. ഫയൽ/സ്റ്റോക്ക്ഫയൽ

//അംഗീകാരത്തോടെ//

ജോയിന്റ് ഭക്ഷ്യസുരക്ഷാ കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ & ലീഗൽ)